18372
21/8/17

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ലക്ഷ്മി വുഡ് ഇൻഡസ്ട്രീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 2012 ലെ സോമിൽ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട് ശ്രീ.കെ.മനോജ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ(സാധാ)നം.290/2017/വനം തീയതി, തിരുവനന്തപുരം, 01.08.2017

---

പരാമർശം :

1) 06.10.2016 ലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) റുടെ വിജ 2-14004/16 നമ്പർ കത്ത്

2) 05.02.2017 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) റുടെ ബി6-61436/2016 നമ്പർ കത്ത്

3) 21.03.2017 ലെ FWLD-A1/06/2017/FWLD നമ്പർ കുറ്റപത്രവും/ കുറ്റാരോപണ പത്രികയും/കാരണം കാണിക്കൽ നോട്ടീസും

4) 06.04.2017 തീയതിയായി സർവ്വശ്രീ.കെ.മനോജ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ജോർജ്ജ് ഫ്രാൻസിസ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ

5) 24.04.2017 തീയതിയായി ശ്രീ.റോമി മാത്യു, സീനിയർ സൂപ്രണ്ട്(റിട്ട.) സമർപ്പിച്ച വിശദീകരണം

6) 24.05.2017 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ ബി6-61436/2016 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ.ശ്രീകണ്ഠൻ നായർ, ശ്രീ.തുളസീധരൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള, ലക്ഷ്മി വുഡ് ഇൻഡസ്ട്രീസ്, തിരുവനന്തപുരം എന്ന

(iv) മേൽ കൃത്യങ്ങൾ വഴി ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തി.

5) കുറ്റപത്രം/കാരണം കാണിക്കൽ നോട്ടീസ് എന്നിവയ്ക്ക് സർവ്വശ്രീ.ജോർജ്ജ് ഫ്രാൻസിസ്, കെ.മനോജ്, റോമി മാത്യു(റിട്ട) എന്നിവർ പരാമർശം (4), (5) പ്രകാരം വിശദീകരണം സമർപ്പിച്ചു. കുറ്റാരോപിതർ സമർപ്പിച്ച വിശദീകരണങ്ങളിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (6) പ്രകാരം അഭിപ്രായമറിയിച്ചു.

6) ശ്രീ.മനോജ് 30.08.2014 മുതൽ 24.02.2016 വരെയാണ്, തിരുവനന്തപുരം ഡിവിഷനിൽ സീനിയർ സൂപ്രണ്ടായി ജോലി നോക്കിയിരുന്നത്. തടിമില്ലിന് ലൈസൻസ് നൽകിയത് 24.10.2013 ലാണ്. സോമിൽ കൈമാറ്റം ചെയ്യുന്നതിനുള്ള 02.07.2015 തീയതിയായുള്ള അപേക്ഷയാണ് ടിയാൻ കൈകാര്യം ചെയ്തത്. അതിനോടൊപ്പം മുൻ ഫയൽ സെക്ഷൻ ക്ലാർക്ക് ഹാജരാക്കിയിട്ടില്ലായെന്നും, പ്രവർത്തിച്ചുകൊണ്ടിരുന്ന സ്ഥാപനമായതിനാൽ ലൈസൻസിന്റെ സാധുത പരിശോധിക്കേണ്ടതിന്റെ ആവശ്യകത ഇല്ലാത്തതിനാലും ടിയാൻ പരിശോധന നടത്തുകയുണ്ടായില്ല. മില്ല് കൈമാറ്റം ചെയ്യുന്നതിന് ശ്രീ.ശ്രീകണ്ഠൻ നായർ സമർപ്പിച്ച അപേക്ഷയും നിയമപരമായി സ്വീകരിക്കേണ്ട നടപടികളും ടിയാൻ സ്വീകരിച്ചിട്ടുണ്ട്. ശ്രീ.കെ.മനോജ് ബോധപൂർവ്വം ലൈസൻസ് നൽകുന്നതിന് ഇടപെട്ടിട്ടില്ലായെന്നതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രതിവാദ പത്രിക അംഗീകരിക്കാവുന്നതാണെന്നും സർവ്വശ്രീ.ജോർജ്ജ് ഫ്രാൻസിസ്, റോമി മാത്യു എന്നിവർ സമർപ്പിച്ച മറുപടി തൃപ്തികരമല്ലായെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അഭിപ്രായപ്പെട്ടു.

7) സർക്കാർ മേൽ വിഷയം ബന്ധപ്പെട്ട രേഖകളുമൊത്ത് വിശദമായി പരിശോധിച്ചതിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (ഭരണം) ന്റെ അഭിപ്രായം അംഗീകരിക്കാവുന്നതാണെന്ന് ബോദ്ധ്യപ്പെട്ടു.

8) ശ്രീ.കെ.മനോജ് ടി സോമില്ലിന് ലൈസൻസ് നൽകുന്നതിന് ബോധപൂർവ്വം ഇടപെട്ടിട്ടില്ലായെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)

ന്റെ അഭിപ്രായം അംഗീകരിച്ച് പരാമർശം (3) പ്രകാരം ശ്രീ.മനോജ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

9) സർവ്വശ്രീ.ജോർജ്ജ് ഫ്രാൻസിസ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (റിട്ട), റോമി മാത്യു, സീനിയർ സൂപ്രണ്ട് (റിട്ട) എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തുടരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടോം ജോസ്

അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)

ശ്രീ.കെ.മനോജ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ